"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ്- വിവിധ വാർഡുകളിൽ സി സി ടി വി ക്യാമറ സ്ഥാപിക്കൽ (പ്രോജക്ട് നം 11/22) പദ്ധതി നടപ്പാക്കുന്നതിന് തീക്കോയി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ) .നം.366/2022/LSGD തീയതി,തിരുവനന്തപുരം, 19-02-2022

---

പരാമർശം:-
1. തീക്കോയി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 20.10.2021--ലെ തീരുമാനം നമ്പർ 1/1.
2. തീക്കോയി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 15.11.2021-ലെ A1-1055/21 നമ്പർ കത്ത്.
3. കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.11.2021- ലെ കത്ത്.
4. 11.01.2022-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 4.6.

<u>ഉത്തരവ്</u>

തീക്കോയി ഗ്രാമപഞ്ചായത്ത് 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ വാർഡുകളിൽ സി സി ടി വി ക്യാമറ സ്ഥാപിക്കൽ (പ്രോജക്ട് നം 11 / 22) പദ്ധതിക്കായി 3,00,000 രൂപ പ്ലാൻ ഫണ്ട് ജനറൽ വകയിരുത്തിയിട്ടുണ്ട്. പ്രധാനമായും തീക്കോയി ഗ്രാമപഞ്ചായത്തിന്റെ കിഴക്കൻ മേഖലയിൽ ടൂറിസ്റ്റുകൾ വന്ന് പോകുന്ന പ്രദേശങ്ങളിൽ അനിയന്ത്രിതമായി മാലിന്യം കുന്നുകൂടുന്നത് നിയന്ത്രിക്കുന്നതിനും മാലിന്യം നിക്ഷേപിക്കുന്നവരെ കണ്ടെത്തുന്നതിനും ലക്ഷ്യമിട്ടിട്ടുള്ളതാണ് പ്രസ്തുത പദ്ധതി. പദ്ധതി നടപ്പാക്കുന്നതിന് അനുമതി നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പരാമർശം (3) പ്രകാരം സമർപ്പിക്കപ്പെട്ട തീക്കോയി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പരാമർശം (1)-ന്റെ അടിസ്ഥാനത്തിലുള്ള അപേക്ഷ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി പരിഗണിച്ചിരുന്നു. പ്രദേശവാസികൾ / സ്ഥാപന ഉടമകൾ എന്നിവരുടെ സഹകരണം ഉറപ്പാക്കി മോണിറ്ററിങ്ങിനായി പൊലീസ് സ്റ്റേഷനുമായി ബന്ധിപ്പിക്കണമെന്ന നിബന്ധനയോടെ പദ്ധതി നടപ്പാക്കുന്നതിന് അനുമതി നല്കുന്നതിന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി പരാമർശം (4) പ്രകാരം തീരുമാനിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രദേശവാസികൾ / സ്ഥാപന ഉടമകൾ എന്നിവരുടെ സഹകരണം ഉറപ്പാക്കി മോണിറ്ററിങ്ങിനായി പൊലീസ് സ്റ്റേഷനുമായി ബന്ധിപ്പിക്കണമെന്ന നിബന്ധനയോടെ 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ വാർഡുകളിൽ സി സി ടി വി ക്യാമറ സ്ഥാപിക്കൽ (പ്രോജക്ട് നം

11/22) പദ്ധതി നടപ്പാക്കുന്നതിന് തീക്കോയി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHIBI ABRAHAM
ഡെപ്യൂട്ടിസെക്രട്ടറി

പ്രസിഡന്റ് / സെക്രട്ടറി, തീക്കോയി ഗ്രാമപഞ്ചായത്ത്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (DA) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്:-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്